# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3355 11.05.2017-ൽ മറുപടിക്ക്**

കോൺട്രാക്ടർ ലൈസൻസ്

| | ചോദ്യം<br>ശ്രീ. വി. അബ്ദുറഹിമാൻ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വയർമാൻ ലൈസൻസ് ലഭിച്ച് അഞ്ച് വർഷം പൂർത്തിയായവർക്ക്, കോൺട്രാക്ടർ ലൈസൻസിന് അപേക്ഷിക്കാവുന്നതാണെന്നും ഇങ്ങനെയുള്ള അപേക്ഷകൾ 45 ദിവസത്തിനകം തീർപ്പാക്കണമെന്നു മുള്ള വ്യവസ്ഥ നിലനിൽക്കു ന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത്തരത്തിൽ അപേക്ഷ നൽകിയവരുടെ കാര്യത്തിൽ തീരുമാനമാകാതെ ദീർഘനാളായി മുടങ്ങിക്കിടക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (ബി) | ഉണ്ട്. അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതിനാലാണ് കാലതാമസം നേരിടുന്നത്. |
| (സി)<br><br><br><br>(ഡി) | ഇത്തരത്തിലുള്ള അപേക്ഷകൾ പരിഗണിക്കുന്നതിൽ പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ എന്തെങ്കിലും പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;<br><br>നിലവിലുള്ള അപേക്ഷകൾ എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;എങ്കിൽ വിശദമാക്കുമോ? | (സി)<br>&<br>(ഡി) | കൂടുതൽ ഉദ്യോഗസ്ഥരെ നിയോഗിച്ച് നിലവിലുള്ള അപേക്ഷകൾ നിശ്ചിത സമയത്തിനുള്ളിൽ തീർപ്പാക്കുന്നതിനുള്ള ശ്രമം നടത്തി വരുന്നു. കൂടാതെ ലൈസൻസുകൾ നൽകുന്ന ജോലികൾ വേഗത്തിലാക്കുന്നതിനായി ഈ വർഷം തന്നെ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിൽ സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**